# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1841

01.02.2018-ൽ മറുപടിക്ക്

## സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് പട്ടിക

| ചോദ്യം<br>ശ്രീ. എം. നൗഷാദ് | | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | 2016 ഏപ്രിൽ മാസം 8-ാം തീയതി നിലവിൽ വന്ന സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 638/2014) റാങ്ക് പട്ടികയിൽ നിന്ന് വളരെ കുറച്ച് നിയമനങ്ങൾ മാത്രമേ നടന്നിട്ടുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളെന്തെന്ന് വിശദമാക്കാമോ; | (എ) | ഗവൺമെന്റ് സെക്രട്ടേറിയറ്റ്/കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ്/ആഡിറ്റർ തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെയുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും, റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേയ്ക്ക് റാങ്ക് പട്ടികയിൽ നിന്നും സമയബന്ധിതമായി നിയമന ശിപാർശ നൽകിവരികയും ചെയ്യുന്നുണ്ട്. പ്രസ്തുത ലിസ്റ്റിൽ നിന്നും ഇതുവരെ 366 (മുന്നൂറ്റി അറുപത്തി ആറ്) പേർക്ക് നിയമനശിപാർശ നൽകിയിട്ടുണ്ട്. നിലവിൽ അവശേഷിക്കുന്ന 16 ഒഴിവുകളി |

| | | | |
|---|---|---|---|
| | | | ലേയ്ക്കുള്ള നിയമനശിപാർശ നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചുവരുന്നു. |
| (ബി) | പി. എസ്. സി. യിലും സംസ്ഥാന ഓഡിറ്റ് വകുപ്പിലും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വിഭാഗങ്ങളിലായി 54 അസിസ്റ്റന്റ് തസ്തികകൾ ഉൾപ്പെടെ 120 തസ്തികകൾ പി.എസ്.സി.-യിൽ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ, വിവിധ വിഭാഗങ്ങളിലായി 21 പുതിയ തസ്തികകൾ കൂടി അനുവദിക്കണമെന്ന പി.എസ്.സി.-യുടെ അഭ്യർത്ഥന സർക്കാർ പരിശോധിച്ചുവരികയുമാണ്. സംസ്ഥാന ഓഡിറ്റ് വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ